# കൽപ്പറ്റ നഗരസഭ

**കൽപ്പറ്റ.പി.ഒ, വയനാട് ജില്ല, പിൻ: 673121**

ഫോൺ: 04936202349,203744

E-mail: kalpettamunicipality@gmail.com


PH1/7921452-2026 01/10/2026

പ്രേഷിതൻ,

സെക്രട്ടറി
കൽപ്പറ്റ നഗരസഭ

സ്വീകർത്താവ്,

ബഹു.ജോയിൻറ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
വയനാട്.

സർ ,

വിഷയം: കൽപ്പറ്റ നഗരസഭ- ആരോഗ്യ വിഭാഗം—'ഓപ്പറേഷൻ തൂഫാൻ 2.0' –റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് .

സൂചന : അങ്ങയുടെ 23-09-2026 തീയതിയിലെ LSGD/JD/WYD/2876/2025-C3 നമ്പറിലുള്ള കത്ത്.

സൂചന കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. **കല്പറ്റ നഗരസഭയിൽ 28/09/206 തിയ്യതി ഓപ്പറേഷൻ തൂഫാൻ 2.0 –നഗരസഭാതല ഉദ്ഘാടനം സംഘടിപ്പിച്ചതിന്റെ റിപ്പോർട്ട് , ഫോട്ടോസ് എന്നിവ ഇതോടൊപ്പം അയയ്ച്ചു കൊള്ളുന്നു.**

വിശ്വസ്തതയോടെ,

(ഒപ്പ്)

സെക്രട്ടറി
കൽപ്പറ്റ നഗരസഭ

KALPETTA MUNICIPAL OFFICE

**ഉള്ളടക്കം:**

**റിപ്പോർട്ട് , ഫോട്ടോസ്**

Mail sent on 3/10/2026.

<u>'ഓപ്പറേഷൻ തൂഫാൻ 2.0' നഗരസഭാതല ഉദ്ഘാടനം-റിപോർട്ട്</u>

തദ്ദേശസ്വയംഭരണ വകുപ്പും കേരള പോലീസും സംയുക്തമായി സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ ഉപയോഗവും വ്യാകരണവും തടയുന്നതിനായി സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ പ്രചാരണ പരിപാടിയായ 'ഓപ്പറേഷൻ തൂഫാൻ 2.0'.ന്റെ കൽപ്പറ്റ നഗരസഭാതല ഉദ്ഘാടനം 2026 ~~ഒക്ടോബർ~~ സെപ്തംബർ 28 രാവിലെ 11.00 മണിക്ക് കൽപറ്റ നഗര സഭ ഒഫീസ്സില് വച്ച് നടത്തി . സംസ്ഥാനത്തുനിന്നും ലഹരിമരുന്നിനെ പൂർണ്ണമായും പിഴുതെറിയുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' ലഹരിവിരുദ്ധ തീവ്രയജ്ഞ പരിപാടിയുടെ രണ്ടാം ഘട്ടമായ 'തൂഫാൻ തദ്ദേശം' പദ്ധതിയുടെ കൽപ്പറ്റ നഗരസഭാതല ഉദ്ഘാടനം വലിയ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കപ്പെട്ടു. 2026 സെപ്റ്റംബർ 28 തിങ്കളാഴ്ച രാവിലെ 11:00 മണിക്ക് കൽപ്പറ്റ നഗരസഭാ കാര്യാലയത്തിൽ ഔദ്യോഗികമായി നഗര സഭ ചെയർമാൻ പതാക ഉയർത്തിയതോടെയാണ് (Flag off) ചടങ്ങുകൾക്ക് ആവേശകരമായ തുടക്കമായത്.

കൽപ്പറ്റ നഗരസഭ ചെയർമാൻ ശ്രീ. പി. വിശ്വനാഥൻ ചടങ്ങിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പ്രാദേശിക കൂട്ടായ്മകളുടെയും കുടുംബങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. നഗരസഭ വൈസ് ചെയർപേഴ്സൺ ശ്രീമതി. സൗമ്യ എസ്. ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നഗരസഭ സെക്രട്ടറി ശ്രീ. ദീപു രാജു സ്വാഗതപ്രസംഗം നടത്തി.

വയനാട് ജില്ലാ പോലീസ് മേധാവി ശ്രീ. എസ്. ദേവമനോഹർ ഐ.പി.എസ് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ലഹരിമുക്ത സമൂഹം കെട്ടിപ്പടുക്കാൻ ജനങ്ങളെയും യുവതലമുറയെയും സജ്ജരാക്കുക എന്ന ദൗത്യത്തോടെ രൂപീകരിച്ച 'തൂഫാൻ വാരിയേഴ്സ്' (Toofan Warriors) അംഗങ്ങൾക്കുള്ള

പ്രത്യേക ബാഡ്ജ് വിതരണവും അദ്ദേഹം നിർവ്വഹിച്ചു. തുടർന്ന്, കൽപ്പറ്റ പോലീസ് ഇൻസ്പെക്ടർ ശ്രീ. എ. യു. ജയപ്രകാശ് പദ്ധതി വിശദീകരണവും ചടങ്ങിൽ പങ്കെടുത്തവർക്കായി ലഹരിവിരുദ്ധ പ്രതിജ്ഞ (Thufan Pratigya) ചൊല്ലിക്കൊടുക്കലും നിർവ്വഹിച്ചു. കൂടാതെ, ബഹു. കേരള മുഖ്യമന്ത്രി പങ്കെടുത്ത സംസ്ഥാനതല ഉദ്ഘാടന ചടങ്ങിന്റെ തത്സമയ സംപ്രേക്ഷണവും (Live Streaming) നഗരസഭയിൽ തദ്ദേശവാസികൾക്കായി സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം പ്രചാരിപ്പികുന്നതിന്റെ ഭാഗമായി ഫുട്ബോൾ ഷൂട്ട് ഔട്ട് , ഒപ്പ് ശേഖരണം എന്നിവ നടത്തി

തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) വയനാട് ജോയിന്റ് ഡയറക്ടർ ശ്രീ. പി. സി. മജീദ്, വയനാട് ഡിവൈ.എസ്.പി (DySP) ശ്രീ. അഗസ്റ്റിൻ ടി. എ. എന്നിവർ ചടങ്ങിൽ വിശിഷ്ട സാന്നിധ്യമായി പങ്കെടുക്കുകയും വിശദീകരണം നടത്തുകയും ചെയ്തു .

ശ്രീമതി. ടി. ജി. ബീന (വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ) ,ശ്രീ. ശശി (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ) , ശ്രീ. മുഹമ്മദ് റാഫിൽ(ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ), ശ്രീ. എൻ. വി. വർഗീസ്( മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ), ശ്രീമതി. ബിനി ആർ.(വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ) ,ശ്രീ. നവാസ് (കൗൺസിലർ കൽപ്പറ്റ നഗരസഭ), ശ്രീ. ഗിരീഷ് (കൗൺസിലർ കൽപ്പറ്റ നഗരസഭ) ,ശ്രീമതി. സഫിയ (സി.ഡി.എസ് ചെയർപേഴ്സൺ കൽപ്പറ്റ നഗരസഭ) ,ശ്രീ. പി. കെ. അബു (സി.പി.ഐ.എം), ശ്രീ. പി. പി. ആലി (കോൺഗ്രസ്) ,ശ്രീ. മുസ്തഫ (ഐ.യു.എം.എൽ), ശ്രീ. സി. കെ. നൗഷാദ് (ജനതാദൾ) ,ശ്രീ. അനിൽ കുമാർ (സി.പി.ഐ) ,ശ്രീമതി. ഗീത ടീച്ചർ (വാർഡ് കൗൺസിലർ എന്നിവർ ആശംസകൾ അറിയിച്ചു. ലഹരി വിപത്തിനെതിരെ പോലീസും പൊതുജനങ്ങളും ഒത്തൊരുമിച്ച് മുന്നേറേണ്ടതിന്റെ പ്രാധാന്യം ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആശംസാ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

ഈ ലഹരിവിരുദ്ധ പ്രതിരോധ നിരയിൽ നഗരസഭയിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പോലീസ് പ്രതിനിധികൾ എന്നിവർക്കൊപ്പം കുടുംബശ്രീ അംഗങ്ങൾ, ഹരിതകർമ്മ സേന പ്രവർത്തകർ, ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, അധ്യാപകർ, വിദ്യാർത്ഥികൾ, യുവജന കൂട്ടായ്മകൾ, സന്നദ്ധ സംഘടന അംഗങ്ങൾ, തൂഫാൻ വാരിയേഴ്സ് തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ള നിരവധിയാളുകൾ സജീവമായി പങ്കെടുത്തു . കൽപ്പറ്റ നഗരസഭ ക്ലീൻ സിറ്റി മാനേജർ ശ്രീ. കെ. സത്യൻ നന്ദി രേഖപ്പെടുത്തി.ചടങ്ങ് അവസാനിച്ചു.

സെക്രട്ടറി

കൽപറ്റ നഗരസഭ

MUNICIPAL OFFICE KALPETTA